നമ്പർ.400266/BAUV01/GPO/2024/4103/(2)

കാരോട് ഗ്രാമ പഞ്ചായത്ത് ആഫീസ്

കാരോട്
കാരോട്.പി.ഓ
തിരുവനന്തപുരം
Phone No:04712215067
E-mail:karodegp@gmail.com

തീയതി : 05/12/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജോയിൻറ് ഡയറക്ടർ
തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തദ്ദേശ അദാലത്ത് - ശ്രീ പ്രതീഷ് പി വി എന്നയാൾ സമർപ്പിച്ച പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

കാരോട് വില്ലേജിൽ റീസർവ്വേ നമ്പർ-261/26(മുൻ സർവ്വേ നമ്പർ-268/10) ഉൾപ്പെട്ട 2.85ആർ വിസ്തീർണമുള്ള ഭൂമിയിൽ ശ്രീ.പ്രതീഷ് പി വി എന്നയാൾക്ക് 17/01/2019-ൽ A3/159/18–19 എന്ന നമ്പരായി 260.87ച.മീറ്റർ സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടത്തിന് നിർമ്മാണനുമതി നൽകിയിരുന്നു. ടി വസ്തുവിൻറെ ഉടമസ്ഥത സംബന്ധിച്ച കേസ് ബഹു.കേരള ഹൈകോടതിയുടെ പരിഗണനയിലായിരുന്നതിനാൽ ടി പെർമിറ്റ് ക്യാൻസൽ ചെയ്യുന്നതിന് ശ്രീ.അഗസ്ത്യൻ പരാതി സമർപ്പിച്ചിരുന്നു. ബഹു.കേരളഹൈക്കോടതിയുടെ I A.1/2019 IN RSA NO.262/2007(F) DTD 19/12/2019 നമ്പർ ഉത്തരവ് പ്രകാരം ടി സർവ്വേ നമ്പരിലെ എല്ലാ നിർമ്മാണ പ്രവൃത്തികളും തടഞ്ഞ് ഉത്തരവായിട്ടുള്ളതിനാൽ ടി പെർമിറ്റ് പ്രകാരമുള്ള നിർമ്മാണം നിർത്തിവയ്ക്കുന്നതിന് 28/12/2019-നേ ശ്രീ.പ്രതീഷ് എന്നവർക്ക് കത്ത് നൽകിയിരുന്നു

തുടർന്ന് ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് ടി കെട്ടിടത്തിൻറെ നിർമ്മാണം പൂർത്തിയാക്കുകയും 583.07 ച,മീറ്റർ കോമേഴ്സ്യൽ ബിൽഡിംഗിന് കെട്ടിടനമ്പർ അനുവദിക്കുന്നതിനായി 29/12/2020-ന് ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ സാങ്കേതിക വിഭാഗം പരിശോധിച്ചതിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ-2019 പാലിക്കാതെയാണ് ടി നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിൻറെ മുൻവശം 3 മീറ്റർ പാലിക്കേണ്ടതിന് പകരം ബാൽക്കണി തള്ളൽ ഉള്ളതിനാൽ 2.1മീറ്റർ അകലം മാത്രമേ ഉള്ളു. ടി കെട്ടിടത്തിൻറെ കിഴക്ക് വശത്ത് 1 മീറ്റർ വീതിയിൽ നടപ്പാതയുള്ളതിനാൽ ടി ഭാഗത്ത് 1.5മീറ്റർ പാലിക്കേണ്ടതിന് പകരം അതിരിനോട് ചേർത്ത് ബാൽക്കണി നിർമ്മിച്ചിരിക്കുന്നു. ടി കെട്ടിടത്തിൻറെ പിൻഭാഗത്ത് 1 മീറ്റർ സൈറ്റ് ബാക്ക് പാലിക്കേണ്ടതിന് പകരം അതിരിനോട് ചേർത്ത് നിർമ്മാണം നടത്തിയിരിക്കുന്നു. കൂടാതെ പാർക്കിംഗ് സൗകര്യങ്ങൾ മഴവെള്ള സംഭരണി, ഭിന്നശേഷിക്കാർക്കുള്ള റാമ്പ്, മതിയായ ശുചീകരണ സൗകര്യങ്ങൾ എന്നിവയും ഏർപ്പെടുത്തിയിട്ടില്ല.കെട്ടിടനിർമ്മാണചട്ടങ്ങൾ-2019 റൂൾ-26 പട്ടിക-4 , റൂൾ-29, റൂൾ-72(2), റൂൾ-42(3) റൂൾ-34(1) എന്നീ

ചട്ടങ്ങളുടെ ലംഘനമായതിനാലാണ് ടി കെട്ടിടത്തിന് നിയമാനുസൃത കെട്ടിടനമ്പർ അനുവദിക്കാൻ കഴിയാത്തത്

തദ്ദേശ അദാലത്തിൽ ടിയാൻ സമർപ്പിച്ച പരാതി പ്രകാരം ടി ഭൂമിയുടെ ഉടമസ്ഥവകാശം സംബന്ധിച്ച് കേസുകൾ ഒന്നും തന്നെയില്ല എങ്കിൽ സർക്കാർ ഉത്തരവ് സ.ഉ(അ) നം 21/2024/എൽ.എസ്.ജി.ഡി തീയതി 09/02/2024 (കേരളപഞ്ചായത്ത് അനധികൃതനിർമ്മാണങ്ങൾ ക്രമവൽക്കണം ചട്ടങ്ങൾ) പ്രകാരം അപേക്ഷ സമർപ്പിക്കുവാനും ആയത് പരിശോധിക്കുവാൻ സെക്രട്ടറിയോടും നിർദേശിച്ച് അദാലത്തിൽ തീരുമാനമായിരുന്നു. ടി തീരുമാനപ്രകാരം അന്വേഷണം നടത്തിയതിൽ മേൽ അപകാതകൾ നിലനിൽക്കുന്നതായും സാങ്കേതിക വിഭാഗത്തിൻറെ അന്വേഷണത്തിൽ ബോധ്യപ്പെട്ട ടി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് O.S. No.361/1992 നമ്പരായി കേസ് നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ നിലനിൽക്കുന്നതായി ശ്രീ.ആഗ്സത്യൻ.കെ, S/o കുഞ്ഞൻ നാടാർ, തിരുഹൃദയ നിലയം കാണാകുളം, ഉച്ചക്കട പി.ഓ എന്നയാൾ രേഖകളുടെ പകർപ്പ് സഹിതം 11/11/2024- തീയതി ഈ ഓഫീസിൽ പരാതി ബോധിപ്പിച്ചിട്ടുണ്ട്. ടി പരാതി പ്രകാരം ശ്രീ. പ്രതീഷിന് ആകെയുള്ള 40 സെൻറ് ഭൂമിയുടെ 1/5 ഭാഗത്തിന് അവകാശമുണ്ടെന്നും ആ ഭൂമി കൂട്ടായിക്കിടക്കുകയാണെന്നും ടിയാൻറെ ഭൂമി ഏത് ഭാഗത്താണെന്ന് നിശ്ചയിക്കുന്നതിനുള്ള കേസ് നടന്നു വരുന്നുവെന്നും ആയതിനാൽ കെട്ടിട നമ്പർ അനുവദിക്കരുതെന്നും അഭ്യർഥിച്ചിട്ടുണ്ട്. ടിയാൻറെ അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് അങ്ങയുടെ അറിവിലേക്കായ് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by KALA RANI R I
Date: 2024.12.05 22:04:36 IST
Reason: ILGMS Govt. of Kerala

കലാറാണി ആർ ഐ

സെക്രട്ടറി